# ഹദീസ്

عَن أَبِي أُمَامَةَ رَضِي اللَّهُ عَنهُ ، قَالَ: قُلْتُ : يَا رَسُولَ اللَّهِ ، مُرْنِي بِعَمَلٍ ، قَالَ : عَلَيْكَ بِالصَّوْمِ ، فَإِنَّهُ لاَ عِدْلَ لَهُ ، قُلْتُ : يَا رَسُولَ اللَّهِ ، مُرْنِي بِعَمَلٍ ، قَالَ : عَلَيْكَ بِالصَّوْمِ ، فَإِنَّهُ لاَ عِدْلَ لَهُ ، قُلْتُ : يَا رَسُولَ اللَّهِ ، مُرْنِي بِعَمَلٍ ، قَالَ : عَلَيْكَ بِالصَّوْمِ ، فَإِنَّهُ لاَ مِثْلَ لَهُ

**അബൂ ഉമാമ(റ)യിൽനിന്ന്: ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഒരു കർമം താങ്കൾ എന്നോട് കൽപിച്ചാലും!" നബി(സ) പറഞ്ഞു: "നീ വ്രതമനുഷ്ഠിച്ചുകൊള്ളൂ. അതിനോട് സദൃശമായ മറ്റൊരു കർമമില്ല." ഞാൻ ചോദിച്ചു: "പ്രവാചകരേ, മറ്റൊരു കർമം കൂടി കൽപിച്ചാലും!" അവിടുന്നു പറഞ്ഞു: "നോമ്പെടുക്കൂ, അതിനു സമാനമായ മറ്റൊന്നും തന്നെയില്ല." ഞാൻ വീണ്ടും ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, മറ്റൊന്നു കൂടി കൽപിച്ചാലും!" അവിടുന്ന് പറഞ്ഞു: "നോമ്പെടുക്കൂ, നിശ്ചയം അതിനു തുല്യമായി മറ്റൊന്നുമില്ല"***

**വ്യതിരിക്തമായ** ആരാധനാ കർമമാണ് വ്രതം. രൂപത്തിലും ഭാവത്തിലും അനന്തര ഫലത്തിലും ഇതര ആരാധനകളിൽനിന്ന് തീർത്തും വ്യത്യസ്തം. ധർമബോധവും ജീവിത വിശുദ്ധിയും കൈവരിക്കാൻ നോമ്പിനേക്കാൾ ഫലപ്രദമായ മറ്റൊരു കർമവുമില്ല. അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവുമാകട്ടെ നോമ്പുകാരനിൽ വർഷിക്കുന്നതുപോലെ മറ്റൊരാളിലും വർഷിക്കുകയുമില്ല. ഈ പ്രത്യേക സ്ഥാനവും സവിശേഷതയും ഓർമപ്പെടുത്തുകയാണ് പ്രകൃത ഹദീസ്.

ഗോപ്യമായ ഒരാരാധനാകർമമാണ് വ്രതം. നമസ്കാരം, സകാത്ത്, ഹജ്ജ് എന്നിവപോലെ മറ്റുള്ളവർക്ക് നോക്കിക്കാണാൻ കഴിയുന്ന ഒന്നല്ല അത്. വ്രതം അതനുഷ്ഠിച്ചവന് മാത്രമറിയാവുന്ന പരമ രഹസ്യമാണ്. മറ്റുള്ള ഇബാദത്തുകളെല്ലാം ചില കർമങ്ങൾ ചെയ്യുന്നതിലൂടെ ഉണ്ടായിത്തീരുന്നതാണെങ്കിൽ, നോമ്പ് ചില കാര്യങ്ങൾ ചെയ്യാതിരിക്കുന്നതിലൂടെ ഉണ്ടാവുന്നതാണ്. അതുകൊണ്ടാണ് നബി(സ) നോമ്പിനെ കുറിച്ച് പറഞ്ഞത്: "നോമ്പിൽ ഒരു തരത്തിലുള്ള രിയാഉം(ജനങ്ങളെ കാണിക്കൽ) ഇല്ല" (ബൈഹഖി – ശുഅബുൽ ഈമാൻ)

പ്രകടനപരത ഇല്ല എന്നതിനാൽ തന്നെ അല്ലാഹുവിനു വേണ്ടിയല്ലാതെ മറ്റാർക്കുവേണ്ടിയും ചെയ്യാൻ കഴിയാത്ത കർമമാണ് വ്രതം. അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും അനുഗ്രഹവുമാണ് നോമ്പുകാരന്റെ ലക്ഷ്യം. മറ്റൊന്നും അയാൾക്ക് ലക്ഷ്യമല്ല. താനും തന്റെ ആമാശയവും മാത്രമറിയുന്ന പരമരഹസ്യമായിട്ടുകൂടി വ്രതനാളിൽ അറിഞ്ഞുകൊണ്ട് ഒരു തുള്ളി വെള്ളം പോലും അയാൾ അകത്തേക്കിറക്കുന്നില്ല. വിശന്നുപൊരിയുമ്പോഴും ഒരു ഭക്ഷണവും രുചിച്ചുനോക്കുന്നില്ല. ഭാര്യയിൽനിന്നുപോലും ദൈവവിലക്കുണ്ട് എന്ന കാരണത്താൽ നോമ്പുകാരൻ അകലം പാലിക്കുന്നു. വ്രതം അല്ലാഹുവിനു മാത്രമുള്ള ഇബാദത്തായിത്തീരുന്നത് ഇങ്ങനെയെല്ലാമാണ്. നബി(സ) പറഞ്ഞു: "അല്ലാഹു അരുൾ ചെയ്തിരിക്കുന്നു: നോമ്പ് എനിക്കുള്ളതാണ്. അതിന് പ്രതിഫലം നൽകുന്നത് ഞാനാണ്. നോമ്പുകാരൻ ഭക്ഷണമുപേക്ഷിച്ചത് എനിക്കുവേണ്ടിയാണ്. പാനീയമുപേക്ഷിച്ചത് എനിക്ക് വേണ്ടിയാണ്. സുഖഭോഗങ്ങൾ വെടിഞ്ഞത് എനിക്ക് വേണ്ടിയാണ്. ഭാര്യയിൽനിന്നകന്നുനിന്നതും എനിക്ക് വേണ്ടിയാണ്" (ഇബ്നു ഖുസൈമ 1896).

നോമ്പ് വ്യത്യസ്തമായ ആരാധനയാണെന്നും അതിന് സമാനതകളില്ലെന്നും അതിനാൽ അത് മുറുകെ പിടിക്കണമെന്നുമാണ് ഹദീസ് ഉണർത്തുന്നത്. സർവ നന്മകളുടെയും ഉറവിടമാണ് വ്രതം. വ്രതം മനുഷ്യനെ പ്രേരിപ്പിക്കാത്ത സൽകർമങ്ങളില്ല. നമസ്കാരം, ഖുർആൻ പാരായണം, ദിക്ർ ദുആകൾ, ദാനശീലം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഇഅ്തികാഫ് തുടങ്ങി മുഴുവൻ കർമങ്ങൾക്കും പ്രേരണയും പ്രചോദനവുമായി നോമ്പ് വർത്തിക്കുന്നു. തെറ്റുകുറ്റങ്ങളിൽനിന്ന് അകന്നു നിൽക്കുന്നതിനും നന്മകൾ കൂടുതലായി ചെയ്യുന്നതിനും നോമ്പ് നിമിത്തമായിത്തീരുന്നു. വ്രതം ശീലമായാൽ മറ്റെല്ലാ നന്മകളുമായി എന്നർഥം! ഇതുകൊണ്ടാണ് 'മറ്റൊരു കർമംകൂടി കൽപിക്കുക' എന്നാവശ്യപ്പെടുന്ന അനുചരനോട് നോമ്പിനെ കുറിച്ചു മാത്രം പ്രവാചകൻ(സ) ആവർത്തിച്ചുണർത്തുന്നത്. ഇതേ ആശയം മറ്റൊരിക്കൽ അവിടുന്ന് ഇപ്രകാരം വ്യക്തമാക്കുകയുണ്ടായി: "എല്ലാറ്റിനും അതിലേക്ക് കടക്കാൻ ഒരു കവാടമുണ്ടായിരിക്കും. ഇബാദത്തുകളുടെ കവാടമത്രെ വ്രതം" (കൻസുൽ ഉമ്മാൽ 23581). നോമ്പിന് ലഭിക്കുന്ന വമ്പിച്ച പ്രതിഫലത്തെ കുറിച്ച് പ്രവാചകൻ(സ) പറഞ്ഞതിതാണ്: "നോമ്പ് അല്ലാഹുവിനുള്ളതാണ്. അതിന്റെ പ്രതിഫലം എത്രയെന്ന് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ല" (ത്വബ്റാനി, ഇബ്നു ഹിബ്ബാൻ, ബൈഹഖി)

വ്രതത്തിന്റെ മഹത്വം വിളംബരം ചെയ്യുന്ന ആദ്യം കൊടുത്ത ഹദീസ് റിപ്പോർട്ട് ചെയ്ത പ്രമുഖ സ്വഹാബി അബൂഉമാമ(റ)യെ കുറിച്ച്, ഇമാം ഇബ്നു ഹിബ്ബാന്റെ നിവേദനത്തിൽ ഇത്രകൂടിയുണ്ട്: "അബൂഉമാമ(റ) പിന്നീട് നോമ്പെടുക്കുന്നത് പതിവാക്കുകയുണ്ടായി. പകൽ നേരങ്ങളിൽ അദ്ദേഹത്തിന്റെ വീട്ടിൽ തീ പുകയാറുണ്ടായിരുന്നില്ല. വല്ല അതിഥികളും വന്നാലല്ലാതെ!" (ഇബ്നു ഹിബ്ബാൻ 3416). ■

**ജഅ്ഫർ എളമ്പിലാക്കോട്**
jafarelkd@gmail.com

** ഇമാം നസാഈ 4/165, ഇബ്നുഖുസൈമ 1893, ഹാകിം 1/421, ഇബ്നു ഹിബ്ബാൻ 3416 തുടങ്ങിയവർ ഉദ്ധരിച്ചത്. ഇതിന്റെ നിവേദക പരമ്പര 'സ്വഹീഹ്' ആണെന്ന് ഹാകിം, ദഹബി തുടങ്ങിയവർ സാക്ഷ്യപ്പെടുത്തുന്നു.*